# ലാൻഡ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം

*(ഹാജർ : ശ്രീ യു വി ജോസ്, ഐഎഎസ്) (ഇൻചാർജ്ജ്)*

പബ്ലിക് ഓഫീസ് ബിൽഡിംഗ്സ്, മ്യൂസിയം പിഒ, തിരുവനന്തപുരം- 695 033

തീയതി: 08-03-2019

എൽആർഇ(2)- 7895/2019

വിഷയം : ജീവനക്കാര്യം- പ്രളയദുരിതാശ്വാസപ്രവർത്തനങ്ങളുടെ ചുമതല താൽക്കാലികമായി തഹസിൽദാർ (ഭൂരേഖ)യ്ക്ക് നൽകി ഉത്തരവാകുന്നു

വായന : ഈ കാര്യാലയത്തിലെ 19.02.2019, 06.03.2019 എന്നീ തീയതികളിലെ മേൽ നമ്പർ നടപടിക്രമങ്ങൾ

വായന നടപടിക്രമങ്ങൾ പ്രകാരം 2019ലെ ലോക് സഭാ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വിവിധതാലൂക്കുകളിലെ തഹസിൽദാർമാരെ സ്ഥലംമാറ്റി നിയമിച്ച് ഉത്തരവായിരുന്നു.

2018-ലെ പ്രളയവുമായി ബന്ധപ്പെട്ട വിവിധ ദുരിതാശ്വാസ - പുനരധിവാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കേണ്ട ചുമതല നിലവിൽ താലൂക്ക് തഹസിൽദാർമാരിൽ നിക്ഷിപ്തമാണ്. താലൂക്കിലെ ഇലക്ടറൽ രജിസ്ട്രേഷൻ ഓഫീസർ ബന്ധപ്പെട്ട തഹസിൽദാർ ആയതിനാൽ, പൊതുതെരഞ്ഞെടുപ്പിനോട് അനുബന്ധിച്ചുള്ള പ്രവർത്തനങ്ങൾ കൂടുതൽ ഉത്തരവാദിത്വത്തോടെ നിറവേറ്റേണ്ടത് പരിഗണിച്ചും, പൊതുതെരഞ്ഞെടുപ്പ് കാലയളവിലും പ്രളയാനന്തര ദുരിതാശ്വാസ-പുനരധിവാസ പ്രവർത്തനങ്ങൾ കാര്യക്ഷമവും സമയബന്ധിതവുമായി നടപ്പാക്കേണ്ടത് അനിവാര്യവുമാകയാൽ 2018ലെ പ്രളയവുമായി ബന്ധപ്പെട്ട ദുരിതാശ്വാസ - പുനരധിവാസ പ്രവർത്തനങ്ങളുടെ ചുമതല **2019ലെ ലോക് സഭാ പൊതുതെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അവസാനിക്കുന്നത് വരെ അതാത് താലൂക്കുകളിലെ തഹസിൽദാർ(ഭൂരേഖ)-യ്ക്ക് നൽകിക്കൊണ്ട്** ഇതിനാൽ ഉത്തരവാകുന്നു.

താലൂക്ക് തഹസിൽദാർമാർ അടിയന്തിരമായി ടി ചുമതല തഹസിൽദാർ (ഭൂരേഖ)-യ്ക്ക് കൈമാറേണ്ടതും ബന്ധപ്പെട്ട ജില്ലാകലക്ടർമാർ ആയത് ഉറപ്പാക്കേണ്ടതുമാണ്.

ഒപ്പ്

**കമ്മീഷണർ**

**(ഇൻചാർജജ്)**

ബന്ധപ്പെട്ട ജീവനക്കാർക്ക് (ജില്ലാ കലക്ടർ/ മേലധികാരി മുഖേന)

പകർപ്പ് :

1) അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
2) പ്രിൻസിപ്പൽ സെക്രട്ടറി , റവന്യൂ (സി) വകുപ്പ്, തിരുവനന്തപുരം, (ആമുഖ കത്ത് സഹിതം)
3) ബന്ധപ്പെട്ട ജില്ലാ കലക്ടർമാർക്ക്
4) കമ്മീഷണറുടെ/ജോയിന്റ് കമ്മീഷണറുടെ സിഎ
5)എല്ലാ അസിസ്റ്റന്റ് കമ്മീഷണർമാർക്കും
6)സ്റ്റോക്ക് ഫയൽ / അധിക പകർപ്പ്

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്

2

Scanned by CamScanner